# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5036
06.02.2014- ലെ മറുപടിക്ക്

**ടീം സോളാർ, സ്വിസ് സോളാർ എന്നീ കമ്പനികളിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭ്യമായ സംഭാവന സംബന്ധിച്ച വിവരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. പുരുഷൻ കടലുണ്ടി | ബഹു: മുഖ്യമന്ത്രി<br>ശ്രീ. ഉമ്മൻ ചാണ്ടി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടീം സോളാർ, സ്വിസ് സോളാർ എന്നീ കമ്പനികളിൽനിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ചെക്കുകൾ, ഡ്രാഫ്റ്റുകൾ എന്നിവയായും പണമായും എത്ര തവണ സംഭാവന ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടീം സോളാർ റിന്യൂവബിൾ എനർജി സൊലൂഷൻസ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന കമ്പനിയിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി രണ്ടു തവണ 2 ചെക്കുകൾ ലഭിച്ചിട്ടുണ്ട്. ഡ്രാഫ്റ്റായും പണമായും ടി കമ്പനിയിൽനിന്ന് സംഭാവന ലഭിച്ചിട്ടില്ല. സ്വിസ് സോളാർ എന്ന കമ്പനിയിൽനിന്ന്, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ചെക്കായോ, ഡ്രാഫ്റ്റായോ പണമായോ സംഭാവനയൊന്നും ലഭിച്ചിട്ടില്ല. |
| (ബി) ഇവ ഓരോന്നും ഏത് തീയതിയിൽ ലഭിച്ചുവെന്നും തുക എത്രയെന്നും ഏറ്റു വാങ്ങിയത് ആരെന്നും വ്യക്തമാക്കാമോ; | ടീം സോളാർ കമ്പനിയിൽ നിന്ന് 11.08.2011, 10.07.2012 എന്നീ തീയതികളിലായി 2 ലക്ഷം രൂപ വീതമുള്ള 2 ചെക്കുകൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിച്ചു.. |
| (സി) ഈ ചെക്കുകളുടേയും ഡി.ഡി കളുടേയും തീയതി, തുക ഇവ ആരുടെ പേരിലുള്ളവ ആയിരുന്നു തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ടീം സോളാർ റിന്യൂവബിൾ എനർജി സൊലൂഷൻസ് (പ്രൈവറ്റ്) ലിമിറ്റഡിൽ നിന്നും ലഭിച്ച 8.8.2011, 10.07.2012 എന്നീ തീയതികളിലെ 2 ലക്ഷം രൂപ വീതമുള്ള രണ്ടു ചെക്കുകളും പ്രസ്തുത കമ്പനിയുടെ സി.ഇ.ഒ ആയ ആർ.ബി. നായരുടെ പേരിലുള്ളതായിരുന്നു. |
| (ഡി) ചെക്കുകളേതെങ്കിലും അക്കൗണ്ടിൽ തുകയില്ലാതെ മടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇതിന്റെ പണം പിന്നീട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | ഉണ്ട്. ടീം സോളാർ റിന്യൂവബിൾ എനർജി സൊലൂഷൻസ് (പ്രൈവറ്റ്) ലിമിറ്റഡിൽനിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച രണ്ട് ചെക്കുകളിൽ 10.07.2012ലെ 2 ലക്ഷം രൂപക്കുള്ള ഒരു ചെക്ക് അക്കൗണ്ടിൽ തുകയില്ലാതെ മടങ്ങി. ടി ചെക്ക് ക്ലിയർ ചെയ്ത് കിട്ടുന്നതിനായി മതിയായ തുക അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് കത്ത് മുഖേന അറിയിച്ചെങ്കിലും മറുപടിയുണ്ടായില്ല. |

സെക്ഷൻ ഓഫീസർ